# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ഫെബ്രുവരി 4<br>**February 4** | **2020** |
| --- | --- |

**1193 മകരം 21 ചൊവ്വ**

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**കരിപ്പാൻതോട് മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ ഉദ്ഘാടനം**
**ഈ മാസം എട്ടിന് മന്ത്രി കെ.രാജു നിർവഹിക്കും**

കോന്നി വനം ഡിവിഷനു കീഴിൽ പ്രവർത്തിക്കുന്ന നടവത്തുമൂഴി റെയിഞ്ചിലെ കരിപ്പാൻതോട് മോഡൽ ഫോറസ്റ്റ് സ്റ്റേഷനുവേ ി പുതിയതായി നിർമ്മിച്ച സ്റ്റേഷൻ കെട്ടിടത്തിന്റെയും ഡോർമെറ്ററിയുടെയും ഉദ്ഘാടനം ഈ മാസം എട്ടിന് ഉച്ചകഴിഞ്ഞ് മൂന്നിന് കരിപ്പാൻതോട് ഫോറസ്റ്റ് സ്റ്റേഷൻ അങ്കണത്തിൽ വനം വകുപ്പ് മന്ത്രി അഡ്വ. കെ. രാജു നിർവഹിക്കും.

കെ.യു ജനീഷ്കുമാർ എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എം.പി മുഖ്യപ്രഭാഷണം നടത്തും. പ്രളയരക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥരെ ചടങ്ങിൽ ആദരിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ, അരുവാപ്പുലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുനിൽ വർഗീസ് ആന്റണി തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

(പിഎൻപി 584/2020)

**പാടം മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ മന്ദിര ഉദ്ഘാടനം**
**മന്ത്രി അഡ്വ.കെ.രാജു നിർവഹിക്കും**

കോന്നി വനം ഡിവിഷന് കീഴിൽ പ്രവർത്തിക്കുന്ന നടുവത്തു മൂഴി ഫോറസ്റ്റ് റെയ്ഞ്ചിലെ പാടം മോഡൽ ഫോറസ്റ്റ് സ്റ്റേഷന്റെ പുതിയതായി പണികഴിപ്പിച്ച കെട്ടിടത്തിന്റെ

ഉദ്ഘാടനം ഈമാസം എട്ടിന് വൈകിട്ട് 4:30ന് പാടം മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ അങ്കണത്തിൽ വനം വന്യ ജീവി വകുപ്പ് മന്ത്രി അഡ്വ.കെ.രാജു നിർവഹിക്കും. അഡ്വ.കെ.യു.ജനീഷ് കുമാർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എം.പി മുഖ്യ പ്രഭാഷണം നടത്തും. സർവീസിലിരിക്കെ അകാലത്തിൽ മരണപ്പെട്ട ജീവനക്കാരുടെ കുടുംബങ്ങൾക്ക് കോന്നി വന വികാസ ഏജൻസി (എഫ്.ഡി.എ) യുടെ ധനസഹായ വിതരണവും മന്ത്രി നിർവഹിക്കും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാപ്രഭ, കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മനോജ് കുമാർ, ജില്ലാ പഞ്ചായത്ത് അംഗം ബിനി ലാൽ, ബ്ലോക്ക് പഞ്ചായത്ത് അംഗം സോമരാജൻ, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ സജീവ് റാവുത്തർ, പി.എസ് രാജു, ദക്ഷിണമേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കെ.വിജയാനന്ദൻ, ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ജോർജി പി.മാത്തച്ചൻ, കോട്ടയം ഫോറസ്റ്റ് കൺസർവേറ്റർ പി.വി മധുസൂദനൻ, റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എം.ഉണ്ണികൃഷ്ണൻ, തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എ.പി. സുനിൽ ബാബു, പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എ.ഷാനവാസ്, അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ബി.സന്തോഷ് കുമാർ, പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഫ്ളൈയിംഗ് സ്ക്വാഡ് ബൈജു കൃഷ്ണൻ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 585/2020)

**ഭക്ഷ്യോത്പാദനം, സാങ്കേതിക വിദ്യ എന്നിവയിൽ ദ്വിദിന ക്ലിനിക് ആരംഭിച്ചു:**

## ഇച്ഛാശക്തി വളർത്തിയെടുത്താൽ മാത്രമേ വിജയിക്കാൻ സാധിക്കൂ: അന്നപൂർണാദേവി

ഇച്ഛാശക്തിയോടെ ഉള്ള പ്രവർത്തനങ്ങൾ മാത്രമേ വിജയത്തിലെത്തിക്കുകയുള്ളൂ എന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പറഞ്ഞു. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തിരുവല്ല ഹോട്ടൽ തിലകിൽ ഭക്ഷ്യോത്പാദനം, സാങ്കേതിക വിദ്യ തുടങ്ങിയ വിഷയങ്ങളിൽ നടത്തുന്ന ദ്വിദിന ക്ലിനിക് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു പ്രസിഡന്റ്. സ്വയം സംരംഭകർ ഏറി വരുന്ന കാലമാണ്. കഴിവും വിദ്യാഭ്യാസവുമുള്ള ചെറുപ്പക്കാർ പുതിയ സംരംഭങ്ങൾ തുടങ്ങുന്നു. വ്യവസായ വകുപ്പ് അതിനുവേ എല്ലാവിധ സഹായവും ചെയ്തു നല്കുന്നു. പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചു ഭക്ഷ്യോത്പാദന രംഗത്ത് ഒരുപാട് മാറ്റങ്ങൾ കൊ ുവരാൻ സാധിക്കുമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.

തിരുവല്ല നഗരസഭ ചെയർമാൻ ചെറിയാൻ പോളച്ചിറക്കൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കൊ ൂർ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഡി. രാജേന്ദ്രൻ, കെ.എസ്.എസ്.ഐ.എ ജില്ലാ പ്രസിഡന്റ് മോർളി ജോസഫ്, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ലിസിയാമ്മ സാമുവേൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഭക്ഷ്യോത്പാദന രംഗത്ത് സംരംഭം ആരംഭിക്കാൻ താത്പര്യമുള്ളവർക്കും സംരംഭകർക്കുമായാണു ദ്വിദിന ഭക്ഷ്യോത്പാദന സാങ്കേതിക ക്ലിനിക്ക് സംഘടിപ്പിച്ചത്. നൂതന സാങ്കേതിക വിദ്യകൾ, ഉത്പാദന രീതികൾ, മേഖലകൾ, ആകർഷകമായ പാക്കേജിംഗ്, ബാർകോഡിംഗ്, ലേബലിംഗ്, വിപണനതന്ത്രങ്ങൾ, സർക്കാർ ധനസഹായ പദ്ധതികൾ തുടങ്ങിയ വിഷയങ്ങളിൽ സെമിനാർ സംഘടിപ്പിച്ചു. സംസ്ഥാന- ജില്ലാതല

എംഎസ്എംഇ അവാർഡ് ജേതാക്കളായ തിരുവല്ല ജോളി ഫുഡ്സ് ഉടമ ജോളി ഈപ്പനെയും, വടശേരിക്കര ആശ ഫുഡ് പ്രൊഡക്ട്സ് ഉടമ ആശാ ഷാജിയെയും പരിപാടിയിൽ ആദരിച്ചു.

*ഫോട്ടോയു :*

(പിഎൻപി 586/2020)

## സെമിനാറും ഡോക്യുമെന്ററി പ്രദർശനവും ഇന്ന് (5)

കോന്നി ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ ബോർഡിന്റെയും ഹരിതകേരള മിഷന്റെയും ആഭിമുഖ്യത്തിൽ ലോക തണ്ണീർത്തട ദിനത്തോടനുബന്ധിച്ച് ഇന്ന് (5) രാവിലെ 9.30 ന് കോന്നി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ജലം ജീവനാണ് എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറും ഡോക്യുമെന്ററി പ്രദർശനവും നടത്തും. കോന്നി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.രജനി ഉദ്ഘാടനം നിർവഹിക്കും. പഞ്ചായത്ത് വൈസ് പ്രസിഡൻറ് പ്രവീൺ പ്ലാവിളയിൽ അധ്യക്ഷത വഹിക്കും.ഹരിതകേരളം മിഷൻ ജില്ലാ കോ ഓർഡിനേറ്റർ ആർ.രാജേഷ് മുഖ്യപ്രഭാഷണം നടത്തും.

(പിഎൻപി 587/2020)

## മിൽമാ ഗ്രാമോത്സവം ഈ മാസം ഏഴ്, എട്ട് തീയതികളിൽ

തിരുവനന്തപുരം മേഖലാ ക്ഷീരോത്പാദക യൂണിയൻ പത്തനംതിട്ട ജില്ലാ മിൽമാ ഗ്രാമോത്സവം ഈ മാസം ഏഴ്, എട്ട് തീയതികളിൽ പത്തനംതിട്ട അഴൂർ റോഡിലുള്ള ഡോ.വർഗീസ് കുര്യൻ നഗറിൽ നടക്കും. ഗ്രാമോത്സവത്തിന്റെ ഉദ്ഘാടനം ഏഴിന് രാവിലെ 11ന് സി.ദിവാകരൻ എം.എൽ.എ നിർവഹിക്കും. തിരുവനന്തപുരം മിൽമ ചെയർമാൻ കല്ലട രമേശ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി മുഖ്യപ്രഭാഷണം നടത്തും.

ഫെബ്രുവരി എട്ടിന് 11.15ന് നടക്കുന്ന സമാപനസമ്മേളനം ആന്റോ ആന്റണി എം.പി ഉദ്ഘാടനം നിർവഹിക്കും. തിരുവനന്തപുരം മിൽമ ചെയർമാൻ കല്ലട രമേശ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വീണാ ജോർജ് എം.എൽ.എ മുഖ്യപ്രഭാഷണം നടത്തും. ശിൽപശാലകൾ, ഡയറി എക്സിബിഷൻ, സമ്മേളനങ്ങൾ, അവാർഡ്ദാനം, കലാപരിപാടികൾ എന്നിവയും മിൽമാ ഗ്രാമോത്സവത്തിന്റെ ഭാഗമായി നടക്കും.

(പിഎൻപി 588/2020)

## സാമ്പത്തിക സ്ഥിതിവിവരകണക്ക് സർവെ: ശരിയായ വിവരങ്ങൾ നൽകണമെന്ന് ഡെപ്യൂട്ടി ഡയറക്ടർ

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിന് ആവശ്യമായ അടിസ്ഥാന വിവരങ്ങൾ പ്രാദേശികതലത്തിൽ ശേഖരിക്കുന്നതിന് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിനെ (ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്) ചുമതലപ്പെടുത്തിയിരിക്കുന്നു.

78 –ാമത് ദേശീയ സാമ്പിള്‍ സര്‍വെയുടെ ഭാഗമായി വകുപ്പിലെ ഉദ്യോഗസ്ഥര്‍, നഗര ഗ്രാമപ്രദേശങ്ങളിലെ തെരഞ്ഞെടുത്ത സാമ്പിളുകളില്‍ (തെരഞ്ഞെടുത്ത വാര്‍ഡുകളിലെ വീടുകള്‍) നിന്നും 2020 ഡിസംബര്‍ 31 വരെ വിവര ശേഖരണം നടത്തും. ആഭ്യന്തര വിനോദസഞ്ചാര ധനവ്യയം, സുസ്ഥിര വികസന ലക്ഷ്യങ്ങള്‍ തയ്യാറാക്കുന്നതിനുള്ള വിവര ശേഖരണം എന്നിവയാണ് നടത്തുന്നത്.

ഭൂവിനിയോഗം (കാര്‍ഷിക, കാര്‍ഷികേതര ആവശ്യങ്ങള്‍ക്കായി ഉപയോഗിച്ചിട്ടുള്ളത്) വിവിധ കാര്‍ഷികവിളകളുടെ വിസ്തൃതി, ഉല്‍പാദനം, ജലസേചന വിവരങ്ങള്‍, ഉപയോഗിക്കുന്ന വളങ്ങള്‍ / ഉല്‍പാദന ചെലവ്, കര്‍ഷക തൊഴിലാളികളുടെ കൂലി തുടങ്ങി കാര്‍ഷികമേഖലയെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഗവണ്‍മെന്റിന്റെ പദ്ധതി ആസൂത്രണത്തിന് ആവശ്യമാണ്. എല്ലാ പഞ്ചായത്തുകളിലെയും തെരഞ്ഞെടുക്കുന്ന സര്‍വെ നമ്പരുകളില്‍ നിന്നും ഇതിനാവശ്യമായ വിവരങ്ങള്‍ ഉദ്യോഗസ്ഥര്‍ ശേഖരിക്കും.

നിത്യോപയോഗ സാധനങ്ങളുടെ മൊത്ത–ചില്ലറവില നിലവാരം, കെട്ടിട നിര്‍മ്മാണ സാമഗ്രികളുടെ വിലശേഖരണം, വേതനഘടന തുടങ്ങിയ വിവരങ്ങള്‍ തെരഞ്ഞെടുത്ത കടകളില്‍ നിന്നും കര്‍ഷകന് കൃഷിയിടത്തില്‍ ലഭിക്കുന്ന കാര്‍ഷികോല്‍പ്പന്നങ്ങളുടെ വില തെരഞ്ഞെടുത്ത കര്‍ഷകരില്‍ നിന്നും നിരന്തരം ശേഖരിച്ചുവരുന്നു.

വ്യക്തികളില്‍ നിന്നും ശേഖരിക്കുന്ന വിവരങ്ങള്‍ അടിസ്ഥാനമാക്കി പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലങ്ങളിലുള്ള റിപ്പോര്‍ട്ടുകള്‍ തയ്യാറാക്കുകയാണ് ചെയ്യുന്നത്. ഈ വിവരങ്ങള്‍ നല്‍കുന്ന വ്യക്തികളുടെയോ, കുടുംബങ്ങളുടെയോ വിവരങ്ങള്‍ റിപ്പോര്‍ട്ടുകളില്‍ പ്രസിദ്ധീകരിക്കില്ല. അവ പൂര്‍ണ്ണമായും രഹസ്യമായി സൂക്ഷിക്കും. വകുപ്പിലെ ഉദ്യോഗസ്ഥര്‍ പ്രാദേശികതലങ്ങളില്‍ നിന്നുംശേഖരിക്കുന്ന വിവരങ്ങള്‍ വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയാറാക്കുന്ന റിപ്പോര്‍ട്ടുകള്‍ കേന്ദ്ര– സംസ്ഥാന സര്‍ക്കാരുകളുടെ പദ്ധതികളുടെ നയരൂപീകരണത്തിലെ അടിസ്ഥാന വിവരമായതിനാല്‍ കൃത്യമായി വിവരങ്ങള്‍ ശേഖരിക്കുന്നത് അതീവ പ്രാധാന്യമു ്.

വിവരശേഖരണത്തിനായി വ്യക്തികളെയും സ്ഥാപനങ്ങളെയും സമീപിക്കുന്ന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഉദ്യോഗസ്ഥര്‍ക്ക് ശരിയായ വിവരങ്ങള്‍ നല്‍കണമെന്നും വകുപ്പ് നടത്തുന്ന ഒരു സര്‍വെയ്ക്കും കേന്ദ്ര സര്‍ക്കാര്‍ പാസാക്കിയ പൗരത്വഭേദഗതി ബില്‍ (സി.എ.എ) എന്‍.ആര്‍.സി, എന്‍.പി.ആര്‍ എന്നിവയുമായി യാതൊരു ബന്ധവുമില്ലായെന്നും പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടര്‍ അറിയിച്ചു.

(പിഎന്‍പി 589/2020)

## പെയിന്‍ ആന്റ് പാലിയേറ്റീവ് കെയര്‍ നേഴ്സ്; ദിവസ വേതന നിയമനം

ജില്ലയിലെ കൊറ്റനാട് സര്‍ക്കാര്‍ ഹോമിയോ ആശുപത്രിയിലെ പെയിന്‍ ആന്റ് പാലിയേറ്റീവ് കെയറിലെ നേഴ്സ് തസ്തികയിലേക്ക് (ഒരു ഒഴിവ് ) 31/03/2020 വരെ താല്‍ക്കാലികമായി ദിവസവേതന അടിസ്ഥാനത്തില്‍ നിയമിക്കുന്നതിനായി ഗവ. അംഗീകൃത ജനറല്‍ നേഴ്സിംഗ്, പാലിയേറ്റീവ് നേഴ്സിംഗ് (ബി.സി.സി.പി.എന്‍) യോഗ്യതയുള്ളവര്‍ ഗവ.അംഗീകൃത വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസല്‍ സര്‍ട്ടിഫിക്കറ്റുകള്‍ സഹിതം ഈ മാസം 10 ന് രാവിലെ 11 ന് അടൂര്‍ റവന്യൂ ടവറില്‍ പ്രവര്‍ത്തിക്കുന്ന ഹോമിയോപ്പതി ജില്ലാ മെഡിക്കല്‍ ഓഫീസില്‍ നേരിട്ട് ഹാജരാകണം. ഫോണ്‍:04734 226063.

(പിഎന്‍പി 590/2020)

## വനിതകൾക്കായി സ്വയം തൊഴിൽ വായ്പ

പത്തനംതിട്ട, കൊല്ലം, കോട്ടയം ജില്ലകളിലെ സ്ഥിരതാമസക്കാരായ വനിതകൾക്കായി സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സ്വയം തൊഴിൽ പദ്ധതിക്കായുള്ള അപേക്ഷ ക്ഷണിച്ചു. 18 നും 55 നും ഇടയിൽ പ്രായമുള്ള തൊഴിൽരഹിതരായ വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി ജാമ്യ വ്യവസ്ഥയിൽ ആറു ശതമാനം പലിശ നിരക്കിൽ വായ്പ അനുവദിക്കും. www.kswdc.org എന്ന വെബ് സൈറ്റിൽ നിന്നും അപേക്ഷാ ഫോം ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം തിരുവനന്തപുരം മേഖലാ ഓഫീസിൽ നേരിട്ടോ മേഖലാ മാനേജർ ടി.സി 15/1942(2), ലക്ഷ്മി ഗണപതി കോവിലിന് സമീപം വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം എന്ന മേൽ വിലാസത്തിൽ അയക്കാം. കൂടുതൽ വിവരങ്ങൾക്ക് 0471 2328257, 9496015005.

(പിഎൻപി 591/2020)

## ചെറുകോൽപുഴ ഹിന്ദുമത കൺവെൻഷൻ;
## വ്യാപാര സ്ഥാപനങ്ങളിൽ പ്രത്യേക സ്ക്വാഡ് പരിശാധന നടത്തി

ചെറുകോൽപുഴ ഹിന്ദുമത കൺവെൻഷൻ സെന്ററിന്റെ പരിസരത്ത് പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ പ്രത്യേക സ്ക്വാഡ് പരിശാധന നടത്തി. വ്യാപാരസ്ഥാപനങ്ങളിൽ വില വിവര പട്ടിക പ്രദർശിപ്പിക്കാൻ നിർദേശം നൽകി. അളവ് തൂക്ക ഉപകരണങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ, ഉപകരണങ്ങളുടെ സത്യാവന സാക്ഷ്യപത്രം സൂക്ഷിക്കുവാനും, പാക്കറ്റ് ഉത്പന്നങ്ങളിൽ നിയമാനുസൃത പ്രഖ്യാപനങ്ങൾ ഉ ന്ന് ഉറപ്പു വരുത്താനും വ്യാപാരികൾക്ക് സ്ക്വാഡ് നിർദേശം നൽകി.

ഹെൽത്ത്, റവന്യൂ, പോലീസ്, ലീഗൽ മെട്രോളജി, എൽ.എസ്.ജി.ഡി തുടങ്ങിയ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരാണ് പരിശോധനയ്ക്ക് നേതൃത്വം നൽകിയത്. സ്പെഷ്യൽ വില്ലേജ് ഓഫീസർ സൈമൺ കെ. വർഗീസ്, ലീഗൽ മെട്രോളജി വകുപ്പ് ഇൻസ്പെക്ടർ കെ.ജി സുജിത്, ഹെൽത്ത് ഇൻസ്പെക്ടർ സി.സി ജയൻ, എ.എസ്.ഐ: എ.പി അജികുമാർ, ഇൻസ്പെക്ടറിംഗ് അസിസ്റ്റന്റ് വി.ആർ സന്തോഷ് കുമാർ, അയിരൂർ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ജയൻ ഡി.നായർ എന്നിവർ പങ്കെടുത്തു.

(പിഎൻപി 592/2020)

## ലഹരിയ്ക്കെതിരെ തിരുവല്ലയിൽ ബൈക്കത്തോൺ

വിമുക്തിയുടെ ഭാഗമായി ഫെബ്രുവരി ആറിന് കോളജ് വിദ്യാർഥികളെ പങ്കെടുപ്പിച്ച് തിരുവല്ല താലൂക്കിലുടനീളം ബൈക്കത്തോൺ (ബൈക്ക് റാലി) നടത്തുമെന്ന് തിരുവല്ല എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എസ്.സജീവ് അറിയിച്ചു. 'നാളത്തെ കേരളം ലഹരി മുക്ത നവകേരളം' എന്ന പേരിലുള്ള തൊണ്ണൂറ് ദിന തീവ്ര യജ്ഞ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായാണ് മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗത്തിനെതിരെ സ്കൂൾ കോളജ് തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ലൈബ്രറി കൗൺസിൽ, കുടുംബശ്രീ, ആശാ വർക്കർമാർ, സ്പോർട്സ് കൗൺസിൽ , റസിഡന്റ് അസോസിയേഷൻ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ വിവിധ ബോധവൽക്കരണ പരിപാടികളാണ് വിമുക്തിയുടെ ഭാഗമായി നടപ്പാക്കി വരുന്നത്.

(പിഎൻപി 593/2020)

## ഇഗ്നോ കോഴ്സ് : അപേക്ഷാ തീയതി നീട്ടി

ഇന്ദിരാഗാന്ധി നാഷണൽ ഓപൺ യൂണിവേഴ്സിറ്റി (ഇഗ്നോ) ആരംഭിക്കുന്ന വിവിധ കോഴ്സുകൾക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ഈ മാസം 15 വരെ നീട്ടി. പോലീസ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും പൊതുജനങ്ങൾക്കും തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിലെ പഠനകേന്ദ്രം തിരഞ്ഞെടുത്ത് അപേക്ഷിക്കാം.

ക്രിമിനൽ ജസ്റ്റിസിൽ പി.ജി ഡിപ്ലോമ, പാരാലീഗൽ പ്രാക്ടീസിൽ ഡിപ്ലോമ, സൈബർ ലോയിൽ പി.ജി സർട്ടിഫിക്കറ്റ്, ഹ്യൂമൻ റൈറ്റ്സ്, ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ്, ഡിസാസ്റ്റർ മാനേജ്മെന്റ്, കൺസ്യൂമർ പ്രൊട്ടക്ഷൻ എന്നിവയിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾക്കാണ് അപേക്ഷ ക്ഷണിച്ചത്. നിശ്ചിത യോഗ്യതയുള്ളവർ www.ignou.ac.in എന്ന ഇഗ്നോയുടെ ഔദ്യോഗിക വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ഇഗ്നോ സ്റ്റഡി സെന്ററായി പോലീസ് ട്രെയിനിംഗ് കോളേജ് തിരഞ്ഞെടുക്കണം. വിശദവിവരങ്ങൾ www.ignou.ac.in എന്ന സൈറ്റിലും 7012439658, 9497942567, 9495768234 എന്നീ ഫോൺനമ്പരുകളിലും ലഭിക്കും.

(പിഎൻപി 594/2020)

## സെലക്ഷൻ ട്രയൽസ്

2020-21 അധ്യയന വർഷം, ജി.വി.രാജ സ്പോർട്സ് സ്കൂൾ-തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ പുതുതായി ആരംഭിക്കുന്ന കാസർഗോഡ്, തൃശ്ശൂർ, പത്തനംതിട്ട സ്പോർട്സ് ഡിവിഷനുകൾ എന്നീ കായിക വിദ്യാലയങ്ങളിലേയ്ക്ക് ആറ്, ഏഴ്,എട്ട്,ഒൻപത്, പ്ലസ് വൺ/ വി.എച്ച്.എസ്.ഇ ക്ലാസുകളിലേയ്ക്ക് അഡ്മിഷൻ നൽകുന്നതിന് അത്‌ലറ്റിക്സ്, ബാസ്കറ്റ്ബോൾ, ഫുട്ബോൾ,വോളിബോൾ,തായ്ക്വ , റസ്ലിംഗ്, ഹോക്കി, വെയ്റ്റ് ലിഫ്റ്റിംഗ്, ബോക്സിംഗ്, ജൂഡോ ക്രിക്കറ്റ്(പെൺകുട്ടികൾക്ക്) എന്നീ കായിക ഇനങ്ങളിൽ താൽപ്പര്യമുള്ള കുട്ടികളെ തെരഞ്ഞെടുക്കുന്നതിനായി സംസ്ഥാന കായിക യുവജന കാര്യാലയം സെലക്ഷൻ ട്രയൽസ് സംഘടിപ്പിക്കുന്നു.

പ്രവേശനം ആഗ്രഹിക്കുന്ന കുട്ടികൾ ജനന തീയതി തെളിയിക്കുന്ന ഏതെങ്കിലും രേഖയും, ജില്ലാ-സംസ്ഥാന-ദേശീയ മൽസരങ്ങളിൽ പങ്കെടുത്തിട്ടു ണ്ടെങ്കിൽ അതിന്റെ സർട്ടിഫിക്കറ്റും ഫോട്ടോയുമായി ഈ മാസം 12ന് രാവിലെ 7.30 ന് മുമ്പായി പത്തനതിട്ട ജില്ലാ സ്റ്റേഡിയത്തിൽ എത്തിചേരണം. സെലക്ഷൻ ട്രയൽസിൽ പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർഥികൾക്ക് http://gvrsportsschool.org/talenthunt എന്ന ലിങ്കിൽ ഓൺലൈനായി മുൻകൂട്ടി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ഒരുക്കിയിട്ടു ണ്ട്. കൂടുതൽ വിവരങ്ങൾക്ക് 8606819961 എന്ന നമ്പറിൽ ബന്ധപ്പെടാം.

(പിഎൻപി 595/2020)




.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ഫെബ്രുവരി 4<br>**February 4** | **2020** |
| --- | --- |

**1193 മകരം 21 ചൊവ്വ**


# പത്രക്കുറിപ്പ് -2


www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


## കൊറോണ: ജില്ലയിൽ നിന്ന് പരിശോധനയ്ക്ക് അയച്ച നാലു സാമ്പിളുകളും നെഗറ്റീവ്, 70 പേർ നിരീക്ഷണത്തിൽ

കൊറോണ വൈറസ് ബാധയുടെ സാഹചര്യത്തിൽ ജില്ലയിൽ നിരീക്ഷണത്തിലുള്ളത് 70 പേർ. ഇവരിൽ 69 പേരും വീടുകളിൽ നിരീക്ഷണത്തിലുള്ളവരാണെന്നും നിലവിൽ പരിശോധനയ്ക്ക് അയച്ച നാലു സാമ്പിളുകളും നെഗറ്റീവ് ആണെന്നും ജില്ലാ കളക്ടറുടെ ചുമതല വഹിക്കുന്ന എഡിഎം അലക്സ് പി തോമസ് പറഞ്ഞു. കൊറോണ വൈറസ് ബാധയെ സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ കളക്ടറേറ്റിൽ ചേർന്ന ജില്ലാ ദുരന്ത നിവാരണ അതോറിട്ടിയുടെ അടിയന്തര യോഗത്തിനു ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒരാൾ മാത്രമാണ് കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ നിരീക്ഷണത്തിലുള്ളത്. വുഹാനിൽ നിന്ന് എത്തിയ നാലു പേരുടെ സാമ്പിളുകളാണ് പരിശോനയ്ക്ക് അയച്ചിരുന്നത്. ചൈനയിൽ നിന്ന് എത്തിയവരാണ് നിരീക്ഷണത്തിലുള്ള 70 പേരും. നിലവിൽ കോഴഞ്ചേരി ജില്ലാ ആശുപത്രിയിലും പത്തനംതിട്ട ജനറൽ ആശുപത്രിയിലുമായി ര ് ഐസൊലേഷൻ വാർഡുകൾ ക്രമീകരിച്ചിട്ടു ്. കൂടുതൽ ഐസൊലേഷൻ വാർഡുകൾ ആവശ്യമായി വരുകയാണെങ്കിൽ കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ക്യാൻസർ സൊസൈറ്റിയുടെ പേ വാർഡുകൾ ഏറ്റെടുക്കാൻ ജില്ലാ ദുരന്ത നിവാരണ അതോറിട്ടി ആരോഗ്യവകുപ്പിന് അനുവാദം നൽകി. ജില്ലയിലെ മൂന്നു മെഡിക്കൽ കോളജുകളും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുമെന്നും അറിയിച്ചു ്. നിലവിൽ മരുന്നുകളും ട്രിപ്പിൾ ലെയർ മാസ്ക്കുകളും

ആവശ്യത്തിനു ്. കൂടുതൽ ആവശ്യമായി വരുകയാണെങ്കിൽ ജില്ലാ ദുരന്തനിവാരണ അതോറിട്ടിയുടെ തുക ഉപയോഗിച്ച് ഇവ ലഭ്യമാക്കുവാൻ യോഗം തീരുമാനിച്ചു. ര ് ആംബുലൻസുകൾ സജ്ജമാണ്. കൂടുതൽ ആവശ്യമെങ്കിൽ സ്വകാര്യ ആശുപത്രികളുടേത് ഉൾപ്പെടെ ഏറ്റെടുക്കുവാനും യോഗം തീരുമാനിച്ചു.

വീടുകളിൽ നിരീക്ഷണത്തിലുള്ളവർക്ക് തദ്ദേശ സ്ഥാപനങ്ങളുടെ തുക ഉപയോഗിച്ച് സഹായം ലഭ്യമാക്കുവാൻ നിർദേശിച്ചിട്ടു ്. ആരോഗ്യവകുപ്പിന്റെ സേവനം ഇവർക്ക് ലഭ്യമാക്കുന്നു ്. ആരോഗ്യ വകുപ്പിന്റെ നിർദേശപ്രകാരം മാത്രമേ ഇവർ ആശുപത്രികളിൽ ചികിത്സ തേടാവു. നിരീക്ഷണത്തിലുള്ളവർ പൊതു പരിപാടികളിലോ ആളുകൾ കൂടുന്ന ഇടങ്ങളിലോ പങ്കെടുക്കാതിരിക്കാൻ ശ്രദ്ധിക്കണം.

നിരീക്ഷണത്തിൽ പെടാത്തവരു ങ്കിൽ കുടുംബശ്രീ, അങ്കണവാടി, ആശ പ്രവർത്തകർ തുടങ്ങിയവർ ഇവരെ ക ത്തുന്നതിന് ആരോഗ്യവകുപ്പിനെ സഹായിക്കണം. ഇത്തരത്തിൽ നിരീക്ഷണത്തിൽപ്പെടാത്തവർ ആരെങ്കിലും ഉ ങ്കിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം നമ്പറിൽ വിളിച്ച് അറിയിക്കണം.

ജില്ലാ പഞ്ചായത്ത് എല്ലാ സഹായങ്ങളും നൽകുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പറഞ്ഞു. വാർഡ് തലം മുതൽ ജില്ലാതലം വരെയുള്ള ഉദ്യോഗസ്ഥർക്ക് ബോധവത്ക്കരണവും പരിശീലനവും നൽകും. പഞ്ചായത്ത് തലത്തിലും പരിശീലനവും ബോധവത്ക്കരണവും നൽകും. നിലവിൽ സ്വകാര്യ, സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർക്കും ആരോഗ്യപ്രവർത്തകർക്കും പരിശീലനം നൽകി കഴിഞ്ഞതായി ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) ഡോ.എ.എൽ ഷീജ അറിയിച്ചു. ജില്ലയിലെ എല്ലാ സ്കൂളുകളിലും ബോധവത്ക്കരണ പ്രദർശനം നടത്തിയതായി വിദ്യാഭ്യാസ ഉപ ഡയറക്ടർ അറിയിച്ചു.

നിരീക്ഷണത്തിലുള്ള വ്യക്തികളുടെ വീടുകളിലുള്ള വിദ്യാർഥികളും ഉദ്യോഗസ്ഥരുമായിട്ടുള്ളവർ 28 ദിവസത്തേക്ക് നിരീക്ഷണത്തിന്റെ ഭാഗമായി വീടുകളിൽ തന്നെ കഴിയണം.

നിരീക്ഷണത്തിന്റെ ഭാഗമായി ഇരുപത്തിയെട്ട് ദിവസം ഇവരുടെ വിവരങ്ങൾ ശേഖരിക്കുകയും ഏതെങ്കിലും വിധത്തിലുള്ള മാറ്റങ്ങൾ കാണപ്പെടുകയാണെങ്കിൽ ജില്ലയിലെ ഐസൊലേഷൻ വാർഡുകളിലേക്ക് മാറ്റുമെന്നും ഡിഎംഒ പറഞ്ഞു. കൊറോണ വൈറസ് ബാധ റിപ്പോർട്ട് ചെയ്തിട്ടുള്ള ചൈന പോലുള്ള രാജ്യങ്ങളിൽ നിന്ന് വന്നിട്ടുള്ളവരു ങ്കിൽ കൺട്രോൾ റൂമിൽ റിപ്പോർട്ട് ചെയ്യണമെന്ന് ഡിഎംഒ നിർദേശിച്ചു. നിരീക്ഷണത്തിലുള്ളവർ പരമാവധി സഹകരിക്കണമെന്നും ഡിഎംഒ അഭ്യർഥിച്ചു.

ജില്ലാ കളക്ടറുടെ ചുമതല വഹിക്കുന്ന എ.ഡി.എം: അലക്സ് പി. തോമസിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, അടൂർ ആർ.ഡി.ഒ: പി.ടി.എബ്രഹാം, ദുരന്തനിവാരണ ഡെപ്യൂട്ടി കളക്ടർ ഗ്രിഗറി കെ. ഫിലിപ്പ്, ഡി.എം.ഒ:ഡോ.എ.എൽ ഷീജ, നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ കോർഡിനേറ്റർ ഡോ. എബി സുഷൻ, ഡി.എസ്.ഒ: ഡോ.ഡോ. സി.എസ് നന്ദിനി, ജില്ലാ ദുരന്തനിവാരണ അതോറിട്ടി അംഗങ്ങൾ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 596/2020)

## കൊറോണ: പ്രതിരോധം ശക്തമാക്കി ആരോഗ്യവകുപ്പ്

ജില്ലയിൽ കൊറോണ വൈറസ് രോഗ ബാധാ നിരീക്ഷണം, പരിശോധന എന്നിവയ്ക്കായി ആരോഗ്യ വകുപ്പ് കൂടുതൽ സംവിധാനങ്ങൾ ഒരുക്കി. ബോധവത്ക്കരണം, ആവശ്യ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കൽ, നിരീക്ഷണം, പ്രതിരോധ പ്രവർത്തനം, റിപ്പോർട്ടിംഗ് തുടങ്ങി വിവിധ മേഖലകൾ ഉൾപ്പെടുത്തി വിദഗ്ധരുടെ നേതൃത്വത്തിൽ വിവിധ സ

മിതികൾ രൂപീകരിച്ചു. എല്ലാ ദിവസവും വൈകുന്നേരം നാലു മണിക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ സമിതികൾ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി തുടർ പ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്യും. ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ സർവൈലൻസ് ഓഫീസർ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ എന്നിവർ കളക്ടർക്ക് വിവരങ്ങൾ റിപ്പോർട്ട് ചെയ്യും.

(പിഎൻപി 597/2020)

## കൊറോണ: വിവരം അറിയിക്കാൻ മടിക്കരുത്

അസുഖബാധിത പ്രദേശങ്ങളിൽ നിന്നു വരുന്നവർ ആരോഗ്യപ്രവർത്തകരെയോ കൺട്രോൾ റൂമിലോ വിവരം അറിയിക്കാൻ മടിക്കരുത്. രോഗലക്ഷണങ്ങൾ യാതൊരു കാരണവശാലും മറച്ചു വെക്കരുത്. അസുഖ ബാധിത പ്രദേശങ്ങളിൽ നിന്നു വരുന്നവർ 28 ദിവസം വീടിനുള്ളിൽ തന്നെ കഴിയണം. പനി, ചുമ എന്നിവയുള്ളവർ യാത്രകൾ ഒഴിവാക്കുക.

ജില്ലയിലെ മെഡിക്കൽ ഓഫീസർമാർ , സൂപ്ര ുമാർ, ജില്ലാ പ്രോഗ്രാം ഓഫീസർമാർ എന്നിവരുടെ അവലോകന യോഗം ഡി.എം.ഓ യുടെ അധ്യക്ഷതയിൽ ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. ജില്ലയിൽ ഇതുവരെ ആർക്കും കൊറോണ രോഗബാധ റിപ്പോർട്ട് ചെയ്തിട്ടില്ല. സംശയാസ്പദമായി ശേഖരിച്ചയച്ച നാലു സാമ്പിളുകളും നെഗറ്റീവ് ആണെന്നും ഭയമല്ല കരുതലാണ് വേ തെന്നും ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ.എൽ ഷീജ പറഞ്ഞു.

(പിഎൻപി 598/2020)

## കൺട്രോൾ റൂം നമ്പറുകൾ 24 മണിക്കൂറും

പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പ്രവർത്തിക്കുന്നു ്. 0468 2228220 എന്ന നമ്പറിൽ ബന്ധപെടാം.

***ഫോട്ടോ അടിക്കുറിപ്പ്: ഡിഡിഎംഎ:*** കൊറോണ വൈറസ് ബാധയെ സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ജില്ലാ കളക്ടറുടെ ചുമതല വഹിക്കുന്ന എഡിഎം അലക്സ് പി തോമസിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന ജില്ലാ ദുരന്ത നിവാരണ അതോറിട്ടിയുടെ അടിയന്തര യോഗം.

(പിഎൻപി 599/2020)




.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ഫെബ്രുവരി 4

February 4

2020

1193 മകരം 21 ചൊവ്വ

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**22 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഭേദഗതി ജില്ലാ ആസൂത്രണ സമിതി അംഗീകാരം**

ജില്ലാ ആസൂത്രണ സമിതി യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവിയുടെ അധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേർന്നു. 22 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2019-2020 വാർഷിക പദ്ധതി ഭേദഗതി ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകി. പത്തനംതിട്ട ജില്ലാ പഞ്ചായത്ത്, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, പന്തളം ബ്ലോക്ക് പഞ്ചായത്ത്, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകളായ ആറന്മുള, ചെറുകോൽ, കടപ്ര, കവിയൂർ, കോന്നി, കൊറ്റനാട്, കുറ്റൂർ, മല്ലപ്പുഴശ്ശേരി, മൈലപ്ര, നാറാണംമൂഴി, നെടുമ്പ്രം, നിരണം, ഓമല്ലൂർ, പന്തളം, പ്രമാടം, റാന്നി, റാന്നി-പെരുന്നാട്, വെച്ചൂച്ചിറ എന്നി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2019-2020 വാർഷിക പദ്ധതി ഭേദഗതിക്കാണ് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയത്. ഇതിൽ 12 പ്രളയ ബാധിത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധിക ധനസഹായം വിനിയോഗിക്കുന്നതിനായി സമർപ്പിച്ചിരുന്ന പദ്ധതികൾ അംഗീകാരം നൽകി. ആറന്മുള, ചെറുകോൽ, കടപ്ര, കവിയൂർ, കുറ്റൂർ, നെടുമ്പ്രം, നിരണം, ഓമല്ലൂർ, പ്രമാടം, റാന്നി, റാന്നി-പെരുന്നാട്, മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തുകളുടെ പ്രളയ ബാധിത അധിക ധനസഹായം വിനിയോഗിക്കുന്നതിനായി സമർപ്പിച്ചിരുന്ന പദ്ധതികൾക്കാണ് ജില്ലാ ആസൂത്രണ സമിതി യോഗം അംഗീകാരം നൽകിയത്.

തദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദുരന്ത നിവാരണ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ഈ മാസം ആറിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ രാവിലെ 10 മണിക്ക് ശില്പശാല സംഘടിപ്പിക്കും. യോഗത്തിൽ എ.ഡി.എം അലക്സ് പി.തോമസ്, സമതി അംഗങ്ങളായ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമൻ കൊ ൂർ, ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷ ലീലാ മോഹൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ബി.സതികുമാരി, അഡ്വ.ആർ.ബി. രാജീവ് കുമാർ, സാം ഈപ്പൻ, വിനീതാ അനിൽ, ബിനിലാൽ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് , ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെറി മാത്യു സാം, ജില്ലാ പ്ലാനിംഗ് ഓഫീസർ വി.ജഗൽ കുമാർ, തദ്ദേശ ഭരണസ്ഥാപന അധ്യക്ഷൻമാർ ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

(പിഎൻപി 600/2020)

## സമന്വയം 2020 സംഘടിപ്പിച്ചു

തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും പ്രാദേശിക സാമ്പത്തിക വികസനവും നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ സമന്വയം 2020 ശില്പശാല കുമ്പഴ ഹോട്ടൽ ഹിൽസ് പാർക്കിൽ സംഘടിപ്പിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ പ്രസിഡന്റ് മോഹൻരാജ് ജേക്കബ് അധ്യക്ഷത വഹിച്ച ചടങ്ങിൽ പന്തളം നഗരസഭ ചെയർപേഴ്സൺ ടി.കെ സതി, അടൂർ നഗരസഭ ചെയർപേഴ്സൺ സിന്ധു തുളസീധര കുറുപ്പ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി.

ഹരിതകേരള മിഷൻ സ്റ്റേറ്റ് കൺസൾട്ടന്റ് എൻ.ജഗജീവൻ ശില്പശാലയിൽ വിഷയം അവതരിപ്പിച്ചു. ശില്പശാലയിൽ പത്തനംതിട്ടയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും അധ്യക്ഷന്മാർ, ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷന്മാർ, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, പ്ലാൻക്ലർക്കുമാർ, കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർ എന്നിവർ പങ്കെടുത്തു.

(പിഎൻപി 601/2020)

## ചാർട്ടേഡ് എഞ്ചിനീയറെ ആവശ്യമു ്

ജില്ലയിൽ കോന്നിയിൽ പ്രവർത്തിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡവലപ്മെന്റിലേക്ക് സിവിൽ വർക്കുകളുടെ മേൽനോട്ടത്തിന് ചാർട്ടേഡ് എഞ്ചിനീയറിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. നിരക്കും മറ്റ് മാനദണ്ഡങ്ങളുമുൾപ്പെടെയുള്ള അപേക്ഷ ഈ മാസം 15 ന് മുൻപ് സി.എഫ്.ആർ.ഡി ഡയറക്ടറുടെ പേരിൽ നൽകണം.

(പിഎൻപി 602/2020)

***ഫോട്ടോ അടിക്കുറിപ്പ് മാത്രം. വാർത്ത ആദ്യ ഫയലിൽ അയച്ചിരുന്നു.***

**സെമിനാർ:-** ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തിരുവല്ല ഹോട്ടൽ തിലകിൽ ഭക്ഷ്യോത്പാദനം, സാങ്കേതിക വിദ്യ തുടങ്ങിയ വിഷയങ്ങളിൽ നടത്തുന്ന ദ്വിദിന

ക്ലിനിക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു. .

(പിഎൻപി 599/2020)




.